**മുഖ്യനഗരാസൂത്രകന്റെ നടപടി**
**തിരുവനന്തപുരം**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം- സാങ്കേതിക വിഭാഗം - കൊല്ലം ജില്ല- ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് - വാളകം വില്ലേജ്- ക്രഷർ യൂണിറ്റിന്റെ എക്സ്റ്റൻഷൻ നിർമ്മാണം - ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:-1) ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12/12/17-ലെ A4/3543/17 നമ്പർ കത്ത്

2) കൊല്ലം ടൗൺ പ്ലാനറുടെ 27/12/17-ലെ സി/1713/17/K.Dis നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

**ഉത്തരവ് നമ്പർ സി.3/174/2018/ഡി.ഡിസ്.** **തീയതി: 21.03.2018.**

---

കൊല്ലം ജില്ലയിലെ ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള വാളകം വില്ലേജിൽ റീസർവ്വേ നമ്പർ 382/1-2, 382/1-3, 382/1-5, 382/1-6, 379/3-2, 379/3-3, 383/7, 383/7-2, 383/7-2-1, 383/1-2, 383/1-3, 383/2, 383/2-2, 383/2-2-1, 383/8, 383/9, 383/10, 379/9, 379/13/2, 379/14, 379/14/2, 379/17, 379/17/2, 379/19, 379/19/2, 379/20, 379/21, 379/22, 379/23, 378/1-1, 378/1-2-1, 379/13-1, 379/3/1, 378/12, 378/14, 378/15, 378/17, 378/17/2, 384/8-2-2, 384/9-2, 386/7-2, 386/6-2-ൽ പെട്ട പുരയിടവും 378/10-2-2, 378/1-2-3-ൽ പ്പെട്ട നിലവും ഉൾപ്പെടെ 417.553 ആർ സ്ഥലത്ത് നിലവിലുള്ള ക്രഷർ യൂണിറ്റിന്റെ extension ഉം ടോയ്‌ലെറ്റും ചേർത്ത് ആകെ 2142.87 $m^2$ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. കെ.ബി.ജു., ബിജു മന്ദിരത്തിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ. 2011-നും, താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1) താഴെപ്പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി / ഒക്യുപൻസി നൽകുവാൻ പാടുള്ളൂ.

2) കെ.പി.ബി.ആർ. 2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും, രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

3) നിർമ്മാണം, കെ.പി.ബി.ആർ. 2011-നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4) ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണം.

5) കട്ടിംഗ് / ഫില്ലിംഗ് അവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. വാങ്ങിയിരിക്കണം.

ഉത്തരവ് നമ്പർ സി.3/174/2018/ഡി.ഡിസ്. തീയതി: 21.03.2018.

6) നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ – തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

7) കെ.പി.ബി.ആർ 2011-ലെ ചട്ടം 59(14) പ്രകാരമുള്ള ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ്, ചട്ടം 59(15) പ്രകാരമുള്ള മലിനജലം പുനരുപയോഗിക്കുന്നതിനുള്ള റീസൈക്ലിംഗ് സൗകര്യം ലഭ്യമാക്കിയിരിക്കണം.

8) ടി നിർമ്മാണത്തിന് ചട്ടപ്രകാരം ആവശ്യമായ സാനിട്ടേഷൻ സൗകര്യങ്ങൾ നൽകേണ്ടതാണ്.

9) നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃതങ്ങളാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

10) Wet land ആയ സ്ഥലത്ത് യാതൊരുവിധ വികസന പ്രവർത്തനങ്ങളും നടത്തുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

**"ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ."**

**(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 40/2018)**

ഉള്ളടക്കം : ഒരുസെറ്റ് പ്ളാൻ

**മുഖ്യനഗരാസൂത്രകന്റെ ഉത്തരവിൻ പ്രകാരം**

**ഷീബാറാണി വൈ.**
**ടൗൺ പ്ലാനർ**

സെക്രട്ടറി, ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം.

പകർപ്പ്:- 1) ശ്രീ. കെ.ബിജു, ബിജു മന്ദിരം, പള്ളിമൺ.പി.ഒ., കൊല്ലം.
2) ടൗൺ പ്ളാനർ, കൊല്ലം.
3) വെബ്സൈറ്റ്, 4) കരുതൽ ഫയൽ, 5) അധികം.

D210318